**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1084** **15-10-2026-ൽ മറുപടിയ്ക്ക്**

**സി. ആർ. ഐ. എഫ്. 2022-23വർഷത്തെ പദ്ധതി നടത്തിപ്പിലെ കാലതാമസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സി.ആർ.ഐ.എഫ്. 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നെന്മാറ-ഒലിപ്പാറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി നീണ്ടുപോകുന്നത് മൂലം പ്രദേശവാസികൾക്ക് കടുത്ത യാത്രാക്ലേശവും ആരോഗ്യപ്രശ്നങ്ങളും നേരിടേണ്ടി വരുന്ന എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** പൊതുമരാമത്തുവകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന 2022-23 സാമ്പത്തിക വർഷത്തിൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 16.5 കോടിയുടെ കേന്ദ്രാനുമതിയും സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ- ഒലിപ്പാറ റോഡിൻറെ കി.മി. 1/000 മുതൽ കി.മീ. 11/833 വരെയുള്ള ഭാഗം നവീകരണത്തിനായി 02/08/2023-ന് ദേശീയപാത വിഭാഗം ഏറ്റെടുത്ത് കൊണ്ട് കരാറുകാരൻ ശ്രീ.അഹമ്മദ് ഹാരിസ്.ബി- യ്ക്ക് കൈമാറി പ്രവർത്തി ആരംഭിച്ചിട്ടുള്ളതാണ്. ഉടമ്പടി പ്രകാരമുള്ള പൂർത്തീകരണ കാലാവധി 01/08/2024 ആയിരുന്നു. പ്രസ്തുത റോഡിലെ നവീകരണ പ്രവൃത്തികൾ നിർമ്മാണ പുരോഗതി സംബന്ധിച്ച് പരിശോധന നടത്തിയതിൽ 90% കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ടാറിങ് പ്രവൃത്തി കി.മി. 1/000 മുതൽ 4/330 വരെ Bituminous Mecadam(BM) പൂർത്തികരിക്കുകയും കി.മി. 4/340 മുതൽ 7/320 വരെ WMM Laying പ്രവൃത്തി ചെയ്തിട്ടുണ്ട്. ആകെ 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത റോഡ് നവീകരണ പ്രവൃത്തികൾ നിലവിൽ പൂർണ്ണമായും സ്തംഭനാവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; നിലവിലെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും ഇതുവരെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത റോഡ് നിർമാണ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടു കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനോ അല്ലാത്തപക്ഷം മറ്റ് ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കരാറുകാരന്റെ ഭാഗത്തെ ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും പ്രവൃത്തി വൈകുന്നതിന് കാരണമായി. പ്രസ്തുത പ്രവൃത്തി ഉടമ്പടി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്തതിനാൽ 15.09.2025 വരെ പൂർത്തീകരണ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചു നൽകുകയും പ്രവൃത്തി പൂർത്തിയാക്കുന്നതിനു നിരവധി തവണ കത്ത് നൽകിയിരുന്നെങ്കിലും കരാറുകാരൻ ആയത് പരിഗണിച്ചിരുന്നില്ല. ഇതിനേ തുടർന്ന് 05.05.2026-ൽ സൂപ്രണ്ടിങ് എഞ്ചിനീയർ, പൊതുമരാമത്തുവകുപ്പ് ദേശീയപാത നോർത്ത് സർക്കിൾ കാര്യാലയത്തിൽ നിന്നും കരാറുകാരനെ ടി ഉടമ്പടിയിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി ഹിയറിങ് നടത്തിയിരുന്നു. തുടർന്ന് കരാറുകാരൻ ഫയൽ ചെയ്ത WP(C) No.16805/2026 കേസിന്റെ 09.06.2026-ലെ വിധി പ്രകാരം 04.07.2026-ന് സൂപ്രണ്ടിങ് എഞ്ചിനീയർ കരാറുകാരനെ വീണ്ടും കേൾക്കുകയും, 09-06-2026-ന് ബഹു. നെന്മാറ എം.എൽ.എ.യുടെ നിർദ്ദേശം അനുസരിച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുവാനും പുതുക്കിയ പ്രവൃത്തി ഷെഡ്യൂൾ പാലിക്കുന്നതിൽ വീഴ്ച സംഭവിക്കുന്ന പക്ഷം കരാർ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചു. തുടർന്ന്, ടി പ്രവൃത്തി സംബന്ധിച്ച് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 32975/2026 കേസിന്റെ 26.09.2026-ലെ വിധി പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ പൊതുമരാമത്തുവകുപ്പ് ദേശീയപാത നോർത്ത് സർക്കിൾ കോഴിക്കോട്, ചീഫ് എഞ്ചിനീയർ എന്നിവർ 08.10.2026 ൽ നടത്തിയ ഹിയറിംഗിൽ കരാറുകാരൻ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് കരാറുകാരനെ വീഡിയോ കോൺഫറൻസിങ് മുഖേന നേരിൽ കേട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്. ഹിയറിംങ്ങിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(ഡി)** ജനങ്ങളുടെ യാത്രാദുരിതത്തിന് അടിയന്തര പരിഹാരം കാണുന്നതിനായി പ്രസ്തുത നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**